പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *219 — 27.01.2014 -ലെ മറുപടിക്ക്.

## ക്ഷേമനിധികളിലെ അംഗത്വം ആധാർ കാർഡുമായി ബന്ധിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീമതി. കെ. കെ. ലതിക : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധികളിലെ അംഗത്വം ആധാർ കാർഡുമായി ബന്ധിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഉണ്ട്. അംഗത്വത്തിന് ആധാർ നിർബന്ധമല്ല. എന്നാൽ ക്ഷേമനിധികളുടെ ആനുകൂല്യ വിതരണത്തിന് ആധാർ ലിങ്ക്ഡ് സീറോ ബാലൻസ് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്കും ആവശ്യമായ രേഖകൾ സഹിതം ഹാജരാകുന്ന പക്ഷം ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നല്കുന്നതാണ്. |
| (ബി) ആധാർ ലിങ്കേജ് നിയമാനുസൃതമല്ലെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ നടപടി പിൻവലിക്കാൻ തയ്യാറാകുമോ ; | (ബി) ഇത് നിർബന്ധമാക്കിയിട്ടില്ല. |
| (സി) എഴുപതു ലക്ഷത്തോളം വരുന്ന ക്ഷേമനിധി അംഗങ്ങളിൽ നിന്നും ആധാർ കാർഡ് ലിങ്കേജിനെന്ന പേരിൽ നാല്പതു രൂപ വീതം ഈടാക്കിയിട്ടുണ്ടോ ; പ്രസ്തുത തുക തിരികെ നല്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ക്ഷേമനിധികളിലെ അംഗങ്ങളായ തൊഴിലാളികളുടെ ഡാറ്റ ഡിജിറ്റൈസ് ചെയ്യുന്നതിനാണ് 40/- രൂപ 03/08/2013 ലെ ജി.ഒ(ആർ.റ്റി) നമ്പർ 1411/2013/തൊഴിൽ ഉത്തരവ് പ്രകാരം ഈടാക്കുന്നത്. പ്രസ്തുത തുക തിരികെ നല്കാൻ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ